**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1593** **19-09-2025 - ൽ മറുപടിയ്ക്ക്**

**ദേവസ്വം ഭൂമിയിൽ പട്ടയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ദേവസ്വം ഭൂമിയിൽ പട്ടയം ലഭിക്കുന്നതിനായി 2021 ജനുവരി മുതൽ ഓരോ വർഷവും ബന്ധപ്പെട്ട ഡെപ്യൂട്ടി കളക്ടർ ഓഫീസുകളിൽ ലഭിച്ച അപേക്ഷകളുടെ (എസ്. എം. സി. /ഒ. എം. ) എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കാമോ; | (എ) | അനുബന്ധം 1 ആയി ചേർക്കുന്നു |
| (ബി) | 2021 മുതൽ ഓരോ ജില്ലയിലും അനുവദിച്ച ദേവസ്വം ഭൂമി പട്ടയങ്ങളുടെ വിശദാംശങ്ങൾ എസ്. എം. സി. / ഒ. എം നമ്പർ സഹിതം വർഷം തിരിച്ച് ലഭ്യമാക്കുമോ; | (ബി) | 2021 മുതൽ ഓരോ ജില്ലയിലുമായി അനുവദിച്ച ദേവസ്വം ഭൂമി പട്ടയങ്ങളുടെ വിവരങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു. |
| (സി) | കോഴിക്കോട് ഭൂപരിഷ്കരണ വിഭാഗം (എൽ. ആർ ) ഡെപ്യൂട്ടി കളക്ടർ ഓഫീസിൽ കഴിഞ്ഞ 10 വർഷത്തിനുള്ളിൽ തീർപ്പാക്കാതെ കിടക്കുന്ന ഫയലുകളുടെ വർഷം തിരിച്ചുള്ള എണ്ണം വ്യക്തമാക്കാമോ; | (സി) | അനുബന്ധം 3 ആയി ചേർക്കുന്നു |
| (ഡി) | പ്രസ്തുത അപേക്ഷകളിൽ തീർപ്പുകൽപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | 01.04.1964 ന് മുമ്പ് ജന്മി - കുടിയാൻ ബന്ധത്തിൽ പാട്ട വ്യവസ്ഥകളോടെ ഭൂമി കൈവശം വച്ച് അനുഭവിച്ച് വന്നിരുന്ന കുടിയാന്മാർ, കുടി കിടപ്പുകാർ എന്നിവർക്ക് 1963 ലെ കേരള ഭൂപരിഷ്കരണ നിയമ പ്രകാരം ക്രയസർട്ടിഫിക്കറ്റ് ലഭിക്കാൻ അർഹതയുണ്ട്. ഇവരുടെ നിയമാനുസൃത അർഹത പരിശോധിക്കുന്നതും, കൈവശ ഭൂമിയിന്മേൽ fixity of tenure ഉണ്ടോയെന്ന് പരിശോധിക്കുന്നതും. ക്രയസർട്ടിഫിക്കറ്റ് നൽകുന്നതും ലാൻഡ് ട്രൈബ്യൂണലുകളാണ്. ഇതിനായി ലാൻഡ് ട്രൈബ്യൂണലുകൾക്ക് സിവിൽ കോടതിയുടെ അധികാരങ്ങളാണുള്ളത്. ദേവസ്വങ്ങൾ ജന്മിയായി വരുന്ന കേസുകൾ കൈകാര്യം ചെയ്യുന്നതിനായി ജില്ലകളിൽ ഡെപ്യൂട്ടി കളക്ടർ (എൽ.ആർ) പ്രിസൈഡിംഗ് ഓഫീസറായി ദേവസ്വം ലാൻഡ് ട്രൈബ്യൂണലുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.<br><br>കേസുകൾ സമയബന്ധിതമായി തീർപ്പാക്കാൻ ഓരോ ലാൻഡ് ട്രൈബ്യൂണലിനും പ്രതിമാസ ടാർജറ്റ് |

| | | | |
|---|---|---|---|
| | | | നൽകിയിട്ടുണ്ട്. ഇതിന്റെ പുരോഗതി പ്രതിമാസ അവലോകനം നടത്തി വരുന്നു. കേസുകൾ കൈകാര്യം ചെയ്യുന്നതുമായി ബന്ധപ്പെട്ട് സ്റ്റേറ്റ് ലാൻഡ് ബോർഡിൽ നിന്നും സർക്കുലർ/ സ്പഷ്ടീകരണം ഉൾപ്പടെ നൽകിവരുന്നു. ദേവസ്വങ്ങളുടെ ഭൂമി നഷ്ടപ്പെടുന്നുവെന്ന് കാണിച്ച് ചില വ്യക്തികൾ ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസ് കാരണം ദേവസ്വം ലാൻഡ് ട്രൈബ്യൂണലുകളിലെ വേഗത്തിലുള്ള കേസ് തീർപ്പാക്കലിനെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. ബഹു. ഹൈക്കോടതി പുറപ്പെടുവിച്ചിട്ടുള്ള ഇടക്കാല ഉത്തരവുകൾ കർശനമായി പാലിച്ച് മാത്രമേ ദേവസ്വം ലാൻഡ് ട്രൈബ്യൂണലുകൾക്ക് നിലവിൽ ഉത്തരവുകൾ പുറപ്പെടുവിക്കാൻ സാധിക്കു. ഇതുമായി ബന്ധപ്പെട്ട് കോടതിയലക്ഷ്യ നടപടികളും നിലവിലുണ്ട് . ബഹു. ഹൈക്കോടതിയിൽ നിലവിലുള്ള കേസുകളിൽ ബഹു. അഡ്വക്കേറ്റ് ജനറലിന്റെ കാര്യാലയം മുഖാന്തരം തുടർനടപടി സ്വീകരിച്ചുവരുന്നു. ബഹു. ഹൈക്കോടതി ഉത്തരവുകൾക്കനുസൃതമായി പരമാവധി വേഗത്തിൽ അർഹരായവർക്ക് ക്രയസർട്ടിഫിക്കറ്റ് നൽകാൻ ദേവസ്വം ലാൻഡ് ട്രൈബ്യൂണലുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ

# അനുബന്ധം 1

| ജില്ല | 2021 ജനുവരി മുതൽ 2025 ആഗസ്റ്റ് വരെ ലഭിച്ച അപേക്ഷകളുടെ എണ്ണം | | | | | ആകെ അപേക്ഷകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|---|---|---|---|
| | **2021** | **2022** | **2023** | **2024** | **2025** | | |
| തിരുവനന്തപുരം | 0 | 0 | 0 | 0 | 0 | 0 | |
| കൊല്ലം | 12 | 6 | 45 | 41 | 36 | 140 | |
| പത്തനംതിട്ട | 0 | 0 | 0 | 0 | 0 | 0 | |
| ആലപ്പുഴ | 22 | 52 | 25 | 31 | 34 | 164 | |
| കോട്ടയം | 20 | 29 | 57 | 40 | 36 | 182 | |
| ഇടുക്കി | 0 | 0 | 0 | 0 | 0 | 0 | |
| എറണാകുളം | 152 | 225 | 150 | 183 | 65 | 775 | |
| തൃശൂർ | 1122 | 1589 | 1924 | 1673 | 1286 | 7594 | |
| വയനാട് | | | | | | 272 | |
| പാലക്കാട് | 669 | 777 | 1811 | 1448 | | 4705 | |
| മലപ്പുറം | 771 | 1227 | 1805 | 1487 | 880 | 6170 | |
| കോഴിക്കോട് | 204 | 264 | 218 | 296 | 158 | 1140 | |
| കണ്ണൂർ | 130 | 161 | 149 | 117 | 97 | 654 | |
| തളിപ്പറമ്പ | 120 | 196 | 182 | 135 | 114 | 747 | കണ്ണൂർ |
| തലശ്ശേരി | 159 | 182 | 204 | 110 | 90 | 745 | |
| | **409** | **539** | **535** | **362** | **301** | **2146** | |
| കാസർഗോഡ് | 75 | 142 | 108 | 167 | 106 | 598 | |
| **ആകെ** | **3456** | **4850** | **6678** | **5728** | **2902** | **23886** | |

## അനുബന്ധം 2

| ജില്ല | 2021 മുതൽ ഓരോ ജില്ലയിലും അനുവദിച്ച ദേവസ്വം ഭൂമി പട്ടയങ്ങളുടെ വിവരം | | | | | ആകെ പട്ടയങ്ങളുടെ എണ്ണം |
|---|---|---|---|---|---|---|
| | **2021** | **2022** | **2023** | **2024** | **2025** | |
| തിരുവനന്തപുരം | 0 | 0 | 0 | 0 | 0 | 0 |
| കൊല്ലം | 6 | 1 | 0 | 5 | 0 | 12 |
| പത്തനംതിട്ട | 0 | 0 | 0 | 0 | 0 | 0 |
| ആലപ്പുഴ | 43 | 49 | 34 | 10 | 3 | 139 |
| കോട്ടയം | 5 | 9 | 44 | 7 | 16 | 81 |
| ഇടുക്കി | 0 | 2 | 0 | 0 | 0 | 2 |
| എറണാകുളം | 61 | 385 | 145 | 83 | 61 | 735 |
| തൃശൂർ | 553 | 2386 | 3501 | 1875 | 1101 | 9416 |
| വയനാട് | 16 | 35 | 8 | 13 | 1 | 73 |
| പാലക്കാട് | 68 | 893 | 4503 | 1665 | | 7129 |
| മലപ്പുറം | 470 | 436 | 2068 | 1108 | 630 | 4712 |
| കോഴിക്കോട് | 110 | 271 | 191 | 3 | 18 | 593 |
| കണ്ണൂർ | 48 | 0 | 175 | 73 | 107 | 403 |
| തളിപ്പറമ്പ | 5 | 50 | 140 | 38 | 6 | 239 |
| തലശ്ശേരി | 0 | 0 | 11 | 34 | 43 | 88 |
| | **53** | **50** | **326** | **145** | **156** | **730** |
| കാസർഗോഡ് | 37 | 122 | 75 | 17 | 1 | 252 |
| **ആകെ** | **1422** | **4639** | **10895** | **4931** | **1987** | **23874** |

## -അനുബന്ധം 3

| വർഷം | തീർപ്പാക്കാൻ ബാക്കിയുള്ള കേസുകളുടെ എണ്ണം |
|---|---|
| 2015 | 8 |
| 2016 | 22 |
| 2017 | 23 |
| 2018 | 73 |
| 2019 | 76 |
| 2020 | 37 |
| 2021 | 77 |
| 2022 | 143 |
| 2023 | 188 |
| 2024 | 277 |
| 2025 | 105 |